ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

വാഹന സർവ്വീസിംഗ്

353 (3987) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന സർവ്വീസിംഗ് സംബന്ധിച്ച് സർക്കാർ തലത്തിൽ പരാതി കേൾക്കുന്നതിന് സംവിധാനം ഉണ്ടോ ;

(ബി) സാങ്കേതിക പരിജ്ഞാനമില്ലാത്ത വാഹന ഉടമകളെ സഹായിക്കുവാൻ സർവ്വീസിംഗ് സംബന്ധിച്ച് കൂടുതൽ കാര്യക്ഷമമായ നിയമം കൊണ്ടുവരുന്നതു പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1988-ലെ മോട്ടോർ വാഹന നിയമം കേന്ദ്ര നിയമമാണ്. വാഹന സർവ്വീസിംഗ് സംബന്ധിച്ച് ടി നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

പാചകവാതക വാഹനങ്ങളിൽ ജി.പി.എസ്. സുരക്ഷാ സംവിധാനം

354 (3988) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതകം കൊണ്ടു പോകുന്ന വാഹനങ്ങളിൽ നിന്നുമുണ്ടാകുന്ന അഗ്നിബാധയും വാതക ചോർച്ചയുംമൂലമുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly